PALAKKAD
Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ജസ്റ്റിസ് സൺഡെ....03
തടവറ പ്രേഷിതദിനം....07
മോൺ. ജോസഫ് വെളിയത്തിൽ....10
Bishop's Engagement....11
From the Bishop's Office....12
നിത്യാരാധനാ കപ്പേള....15
വിശ്വാസപരിശീലനവേദി....16
സ്റ്റാർസ്....24
ബൈബിൾ അപ്പോസ്റ്റലേറ്റ്....24
തിരുബാലസഖ്യം....26
അൾത്താരസംഘം....27
സി.എം.എൽ....29
കെ.സി.വൈ.എം....30
മാതൃസംഘം....32
പിതൃസംഘം....32
കുടുംബകൂട്ടായ്മ....33
ഫാമിലി അപ്പോസ്റ്റലേറ്റ്....34
മദ്യവിരുദ്ധസമിതി....34
നവീകരണമുന്നേറ്റം....36
സെഹിയോൻ ധ്യാനകേന്ദ്രം....38
പി. എസ്. എസ്. പി....39
കെ.എൽ.എം....42
From the Bishop's Diary....43

# ജസ്റ്റീസ് സൺഡെ – 2013
## ആഗസ്റ്റ് 18, ഞായർ
### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരതസഭ ഈ വർഷം ഓഗസ്റ്റ് 18-ന് ജസ്റ്റീസ് സൺഡെ – നീതി ഞായർ – ആചരിക്കുകയാണ്. 1986 മുതൽ എല്ലാവർഷവും ഓഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞയറാഴ്ച ജസ്റ്റീസ് സൺഡെയായി ആചരിച്ചുവരുന്നു. ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ പട്ടിക ജാതി സംവരണവും സംരക്ഷണവും നിഷേധിക്കപ്പെട്ട ദലിത്ക്രൈസ്തവ സഹോദരങ്ങളോടും നീതിക്കുവേണ്ടി പോരാടുന്ന മറ്റെല്ലാവരോടുമുള്ള ഐക്യദാർഢ്യപ്രഖ്യാപനം കൂടിയാണ് ജസ്റ്റീസ് സൺഡെ ആചരണം.

ക്രൈസ്തവരിൽ ഭൂരിപക്ഷം വരുന്ന ദലിത് സഹോദരർ ഇന്നും മതേതര ഭാരതത്തിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടം തുടരുകയാണ്. ഭരണഘടനയുടെ ആർട്ടിക്കൾ 25 പ്രകാരം ഇൻഡ്യയിലെ ഏത് പൗരനും ഏതുമതം സ്വീകരിക്കാൻ അവകാശമുണ്ട്. മതം-ജാതി-വംശം-ദേശം-ലിംഗം തുടങ്ങിയ ഏതിന്റെയെങ്കിലും പേരിലുള്ള വിവേചനം വെച്ചുപുലർത്താൻ പാടില്ലാ എന്നാണ് ഭരണഘടന (ആർട്ടിക്കൾ 15(1)) അനുശാസിക്കുന്നത്. ഇൻഡ്യയിലെ പ്രഥമ ഗവൺമെന്റ് 1950-ൽ അയിത്തത്തിനും അടിമത്ത്വത്തിനും വിധേയരായി, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഒരുപട്ടിക തയ്യാറാക്കുകയും പ്രത്യേക സംരക്ഷണം അവർക്കു നല്കുന്നതിന് ഭരണഘടനയുടെ 341/1,2 ഭാഗങ്ങളിൽ അവ എഴുതി ചേർക്കുകയും ചെയ്തു. ഇതനുസരിച്ച് പട്ടികജാതി സംവരണത്തിനു മതം ഒരു മാനദണ്ഡമായി ഭരണഘടനയുടെ ഒരുഭാഗത്തും നിഷ്കർഷിച്ചിട്ടില്ല.

1950 ഓഗസ്റ്റ് 10-ാം തീയതി ഇൻഡ്യയുടെ പ്രഥമ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് സംവരണവും സംരക്ഷണവും ലഭിക്കേണ്ട ജാതികളുടെ ഒരുപട്ടിക പ്രത്യേക ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചു. ഈ ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ ഹിന്ദുമതത്തിൽ നിന്നും വ്യത്യസ്തമായ ഒരു മതം സ്വീകരിച്ചിട്ടുള്ള ദലിതരെ പട്ടിക ജാതിക്കാരായി പരിഗണിക്കുന്നതല്ല എന്നെഴുതി ചേർത്തു. ദൗർഭാഗ്യവശാൽ ഈ ഉത്തരവിലൂടെ ദലിത് ക്രൈസ്തവർ, നിയോ





ബുദ്ധിസ്റ്റ്, ദലിത് സിക്കുകാർ, ദലിത് മുസ്ലിങ്ങൾ എന്നിവർ പട്ടികജാതി സംവരണത്തിന് പുറത്തായി. എന്നാൽ 1956-ലും 1990-ലും യഥാക്രമം ദലിത് സിക്കുകാർക്കും, ബുദ്ധമതകാർക്കും സംവരണവും അതിനോടനുബന്ധിച്ച ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കപ്പെട്ടു. എന്നാൽ ദലിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും സംവരണ പട്ടികയ്ക്ക് പുറത്താണ്. ഇത് ഭരണഘടന ലംഘനവും എതിർക്കപ്പെടേണ്ട വിവേചനവുമാണ്.

പിന്നാക്ക ജനവിഭാഗങ്ങളുടെ പുരോഗതിയെകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള കലേൽക്കർ കമ്മീഷൻ (1953), മണ്ഡൽ കമ്മീഷൻ എന്നിവ ക്രിസ്തുമതം സ്വീകരിച്ച ദലിതരുടെ പിന്നാക്കാവസ്ഥ വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2005 നവംബർ 28-ന് കേന്ദ്ര ഗവൺമെന്റ് നിയമിച്ച ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ ദലിത് ക്രൈസ്തവർക്ക് സംവരണം കൊടുക്കണമെന്ന നിലപാട് കണ്ടെത്തി 2007 മെയ് 18-ന് കേന്ദ്രഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. കേരള സർക്കാർ നിയോഗിച്ച കുമാരപിള്ള കമ്മീഷനും (1965) നെട്ടൂർ കമ്മീഷനും (1970) പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മതപരിവർത്തനം നടത്തിയവർക്ക് പട്ടികജാതികാർക്ക് നൽകുന്നപോലെ സംവരണം കൊടുക്കണമെന്ന് കണ്ടെത്തുക യുണ്ടായി. 1983-ലും 2006-ലും സംവരണാനുകൂല പ്രൈവറ്റ് ബില്ലുകൾ ലോകസഭയിൽ അവതരിപ്പിച്ചു വെങ്കിലും പ്രയോജനം ലഭിച്ചില്ല. 1996 മാർച്ച് 12-ന് കേന്ദ്രസർക്കാർ പാർലമെന്റിൽ ബില്ലവതരിപ്പിച്ചുവെങ്കിലും സാങ്കേതികകാരണം പറഞ്ഞ് അനുമതി നിഷേധിച്ചു.

പൊതു താത്പര്യഹർജികൾ കൊടുക്കുന്നതിനായി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത സെന്റർ ഫോർ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ എന്ന സംഘടനയും ട്രിച്ചി സ്വദേശി ശ്രീ. ഫ്രാങ്കലിൻ തോമസും ക്രൈസ്തവ സംവരണ വിഷയം ഏറ്റെടുത്ത് 2004-ൽ സുപ്രീംകോടതിയിൽ ഹർജി നല്കുകയുണ്ടായി. പ്രസ്തുത കേസ് പല പ്രാവശ്യം വിചാരണയ്ക്കു വന്നെങ്കിലും കേന്ദ്ര ഗവണ്മെന്റിന്റെ അഭിപ്രായത്തിനായി മാറ്റി വയ്ക്കുകയായിരുന്നു. ഇലക്ഷൻ സമയത്ത് മോഹനവാഗ്ദാനങ്ങൾ നൽകി നമ്മുടെ വോട്ട് നേടി പാർലമെന്റിൽ അംഗങ്ങളാകുന്ന വ്യക്തികൾ ദലിത് ക്രൈസ്തവരുടെ സംവരണ വിഷയം മുഖ്യവിഷയമാക്കി ചർച്ചക്കെടുപ്പിക്കുന്നതിൽ പരാജയപ്പെടുന്നുവെന്നകാര്യം ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്.

ദലിത്ക്രൈസ്തവ സംരക്ഷണവിഷയം സഭാമാതാവിന്റേ മുറിവായി നാം അംഗീകരിക്കണം. ദുർബലരെയും പാവപ്പെട്ടവരെയും കൈപിടിച്ചുയർത്തുകയെന്നത് ക്രിസ്തീയ കൂട്ടായ്മയുടെ ചൈതന്യ മാണ്. നിയമാവർത്തനഗ്രന്ഥം പറയുന്നു: നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കു നൽകുന്ന ദേശത്തെ പട്ടണങ്ങളിൽ ഏതെങ്കിലും ഒരു സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ, നീ നിന്റെ ഹൃദയം കഠിനമാക്കുകയോ അവനു സഹായം നിരസിക്കുകയോ അരുത് (നിയമ 15.7). പരിശുദ്ധ ഫ്രാൻസീസ് പാപ്പായുടെ ഈസ്റ്റർ സന്ദേശത്തിലും തുടർന്നുള്ള പ്രബോധനങ്ങളിലും ദരിദ്രരുടെയും അനീതി അനുഭവിക്കുന്നവരുടെയും ന്യൂനതകൾ ഉള്ളവരുടെയും ഒപ്പം നടക്കാൻ സഭ ശ്രദ്ധിക്കണമെന്നാവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. 1600 വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ച പെസഹാക്കുർബാനയിൽ ദൈവവിളിയുടെ മഹത്ത്വം ദർശിക്കാൻ പുറത്തേക്കിറങ്ങണമെന്നും അവിടെ കഷ്ടപ്പെടുന്നവരെയും പീഡകൾ സഹിക്കുന്നവരെയും കാണാനാകണമെന്നും പരിശുദ്ധപിതാവ് അനിസ്മരിപ്പിച്ചു.കർദ്ദിനാൾ ബെർഗോളിയോ പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടുവെന്നറിഞ്ഞയുടൻ കർദ്ദിനാൾ ക്ലൗഡിയോ ഹുമ്മെസ് പുതിയ പാപ്പായെ കെട്ടിപ്പിടിച്ച്, ചുംബിച്ച് പറഞ്ഞു: പാവപ്പെട്ടവരെ മറക്കരുത് . ഈ വാക്കുകൾ ഉള്ളിൽ മുഴുങ്ങി യതുകൊണ്ടാണ് ഫ്രാൻസിസ് എന്ന പേര് പാപ്പാ സ്വീകരിച്ചത്. ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ പട്ടിക ജാതിവംശജരായ നമ്മുടെ ദലിത് സഹോദരങ്ങൾക്ക് സംവരണം നിഷേധിക്കുന്നത് വിശ്വാസത്തിനുനേരെയുള്ള കടന്നാക്രമമാണെന്ന് എല്ലാവരും തിരിച്ചറിയണം. ഈ കാലഘട്ടത്തിൽ ക്രൈസ്തവരാ ണല്ലോ ഏറ്റവും അധികം പീഡനങ്ങൾക്ക് വിധേയരാകുന്നത്. സിറിയായിൽ രണ്ട് മെത്രാന്മാരെ തട്ടിക്കൊണ്ട് പോയതും വേദന യോടെ നാം ഓർക്കണം.

കേരള കത്തോലിക്കാ സഭയിലെ വിവിധ രൂപതകളിൽ ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഡി.സി.എം.എസ്സ് (ദലിത് കത്തോലിക്ക മഹാജന സഭ) പ്രവർത്തിക്കുന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. കഴിഞ്ഞ കുറെ മാസങ്ങളായി ഡി.സി.എം.എസ്സ്. ഭാരവാഹികൾ വിവിധ രൂപതകൾ സന്ദർശിച്ച് ദലിത് സഹോദരങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ ക്കുറിച്ച് വിലയിരുത്തുകൾ നടത്തുകയുണ്ടായി. പൊതുവെ നല്ല രീതിയിൽ ഡി. സി. എം. എസ്സ്-ന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെ ങ്കിലും ഇനിയും ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട





തുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പാവപ്പെട്ടവർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് നമുക്ക് കൂടുതൽ അറിവുണ്ടാകണം. വിദ്യാഭ്യാസ സാദ്ധ്യതകളെക്കുറിച്ചും തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും കൂടുതൽ അറിവും അവബോധവും വളർത്തിയെടുക്കണം. സാമ്പത്തിക മേഖലയിൽ കൂടുതൽ അച്ചടക്കം വരുത്തണം (കുടുംബ ബജറ്റ് തയ്യാറാക്കി വരവനുസരിച്ച് ചെലവഴിക്കൽ). സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പണം വായ്പ എടുക്കുന്നതോടൊപ്പം പണം തിരിച്ചടയ്ക്കുന്നതിൽ നമ്മുടെ സമൂഹവും മുൻപന്തിയിൽ നിന്നു മറ്റുള്ളവർക്കു നല്ല മാതൃക നൽകണം. വാങ്ങുന്നവർ മാത്രമായി മാറാതെ കൊടുക്കുന്നവരായി മാറാനും കഴിയണം. സഭയുടെ സമൂഹിക ശുശ്രൂഷകളിൽ ദലിത് സമൂഹത്തിൽപ്പെട്ടവരും സജീവ സാനിധ്യമാകണം. സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ പരമദരിദ്രരുമാക്കുന്ന മദ്യസംസ്കാരത്തിൽനിന്നും മനുഷ്യരെ മോചിപ്പിക്കാനുള്ള സഭയുടെയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങളോട് ദലിത് ക്രൈസ്തവരും സഹകരിക്കണം.

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ SSLC, +2, Degree, Post Graduate തുടങ്ങിയ പരീക്ഷകളിൽ ഉന്നത വിജയം കരസ്തമാക്കിയ ദലിത് കത്തോലിക്കാകുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ 2013 സെപ്തം. 3-നകം രൂപതാ ഡയറക്ടറുടെ ശുപാർശയോടെ KCBC SC/ST/BC കമ്മീഷൻ സെക്രട്ടറി ( Rev. John Areekal , Secretary KCBC SC/ST/BC Commission, St. Mary's Church, Thachottukav, Peyad P.O. Thrivandrum 695 573) യുടെ പേരിൽ അയച്ചുകൊടുക്കണം. ജസ്റ്റീസ് സൺഡേദിനമായ ഓഗസ്റ്റ് 18-ന് വിശുദ്ധ കുർബാന മദ്ധ്യേ പ്രത്യേക പിരിവ് നടത്തി ലഭിക്കുന്ന സംഭാവന രൂപാതാകേന്ദ്രത്തിലെത്തി ക്കുകയും അവ KCBC SC/ST/BC കമ്മീഷൻ ചെയർമാന്റെ പേരിൽ അയച്ചുതരികയും വേണം.

ഈ വർഷത്തെ ജസ്റ്റീസ് സൺഡെ സമൂഹത്തോടുള്ള നമ്മുടെ പ്രതിഞ്ജാബദ്ധതയുടെ ദിനമായിരിക്കട്ടെ.

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

# തടവറ പ്രേഷിത ദിനം

**2013 ആഗസ്റ്റ് 18 ഞായർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഒരു തടവറ പ്രേഷിതദിനം കൂടി വന്നണയുന്നു. 2013 ഓഗസ്റ്റ് മാസം 18-ാം തീയതി കേരള കത്തോലിക്ക സഭ തടവറപ്രേഷിതദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളിലും ഈ ദിവസം തടവറയിലെ സഹോദരരെ സമർപ്പിച്ച് പ്രാർത്ഥിക്കാനും ഈ ശുശ്രൂഷചെയ്യാൻ കൂടുതൽപേരെ ജീസസ്സ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) യുടെ അംഗങ്ങളാക്കാനും പരിശ്രമിക്കണം.

നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ തന്റെ ശുശ്രൂഷ ഏറ്റെടുത്ത ശേഷം പെസഹ വ്യാഴാഴ്ചയിലെ കാലുകഴുകൽ ശുശ്രൂഷ നടത്തിയത് റോമിലെ ഒരു ജയിലിലായിരുന്നല്ലോ. തടവറയിലെ സഹോദരരോട് സഭയ്ക്കുണ്ടായിരിക്കേണ്ട മനോഭാവം പാപ്പയുടെ പ്രവർത്തിയിലൂടെ സുവ്യക്തമാണ്. ഓരോ വ്യക്തിയും ദൈവച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. ഏത് കൊടും കുറ്റവാളിയിലും ദൈവചൈതന്യം കുടികൊള്ളുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ മുഖമാകാനാണ് പാപ്പാ നമ്മെ ക്ഷണിക്കുന്നത്.

തടവറയിലെ സഹോദരരോടുള്ള സഭയുടെ ഹൃദയൈക്യത്തിന് സഭ യോളം തന്നെ പഴക്കമുണ്ട്. നമ്മുടെ കർത്താവായ മിശിഹാ പീലാത്തോസിന്റെ അരമനയിൽ ഒരു തടവുപുള്ളിയായി രാത്രി മുഴുവൻ കഴിച്ചുകൂട്ടി. ഈശോയുടെ അപ്പസ്തോലന്മാർ എല്ലാവരും തന്നെ കാരാഗൃഹവാസം അനുഭവിച്ചവരും അന്യായമായി തടങ്കലിൽ പീഡിപ്പിക്കപ്പെട്ടവരുമാണ്. എത്രയോ വിശുദ്ധ രക്തസാക്ഷികളെയാണ് ജയിലിൽ നിന്ന് സഭയ്ക്ക് ലഭിച്ചത്. വിശുദ്ധ സെബസ്ത്യാനോസ് നല്ലൊരു തടവറ പ്രേഷിതനായിരുന്നു. കാരാഗൃഹവാസികളായിരുന്ന അനേകരെ ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ഉറപ്പിച്ച് നിറുത്താനും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളാകാനും അദ്ദേഹം സഹായിച്ചു. തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായി സഭവണങ്ങുന്നത് വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയെയാണ്. സഹതടവുകാരനുവേണ്ടി രക്തസാക്ഷിത്വം വരിച്ച അദ്ദേഹം, സഹോദരനു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്ന യേശുവിന്റെ വചനത്തിന് ഉത്തമ ദൃഷ്ടാന്തമായി അദ്ദേഹത്തിന്റെ തിരുനാളായ





ഓഗസ്റ്റ് 14 ആണ് തടവറ പ്രേഷിതദിനം. അത് കഴിഞ്ഞു വരുന്ന ഞായറാഴ്ച ഓഗസ്റ്റ് 18-ന് നമ്മൾ ഈ ദിനം ആഘോഷിക്കുന്നു.

കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കേരളം സർവകാല റെക്കോഡിലാണ്. ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട കണക്കുപ്രകാരം കഴിഞ്ഞവർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം നാലര ലക്ഷത്തിലേറെയായിരുന്നു. പ്രതിമാസം ശരാശരി 31,245 കുറ്റകൃത്യങ്ങളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2011 -ലെ കണക്കു പ്രകാരം ആകെ 4,18,770 കേസുകളാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയത്. ഇതിൽ ഇന്ത്യൻ പീനൽ കോഡ് ആക്ടു പ്രകാരം 1,72,137 കേസുകളും സ്പെഷ്യൽ ലോക്കൽ ലോ പ്രകാരം 2,46,633 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ 2012 സെപ്റ്റംബർ ആയപ്പോഴേക്കും ഐപിസി പ്രകാരമുള്ള 1,17,935 കുറ്റകൃത്യങ്ങളും, 2,57.009 മറ്റു കുറ്റകൃത്യങ്ങളും രേഖപ്പെടുത്തിക്കഴിഞ്ഞു.

സംസ്ഥാനത്ത് അബ്കാരി ആക്ട് പ്രകാരമുള്ള കുറ്റങ്ങളുടെ എണ്ണത്തിലും കാര്യമായ വർദ്ധനയുണ്ടായി. ആകെ ഇതുവരെ 39,889 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റങ്ങളുടെ എണ്ണത്തിലും വർദ്ധനയുണ്ടായി. ആകെ ഈ വിഭാഗത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന കേസുകൾ 9,758 ആണ്. കുട്ടികൾക്കെതിരായ വിവിധ കുറ്റകൃത്യങ്ങളുടെ കാര്യത്തിലും 2008 മുതൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2008(549), 2009(589), 2010(596), 2011(1452), എന്നിങ്ങനെയാണ് വർദ്ധന. ഈ വിഭാഗത്തിൽ 905 കുറ്റകൃത്യങ്ങളാണ് 2012 സെപ്റ്റംബർ വരെ രേഖപ്പെടുത്തിയിട്ടുള്ളത്. സൈബർ കുറ്റകൃത്യങ്ങൾ 1 ലക്ഷം കവിഞ്ഞു. 193% വർദ്ധനയാണ് ഈ മേഖലയിൽ 2012-ൽ മാത്രം ഉണ്ടായത്.

ദേശീയ ശരാശരിയുടെ കാര്യത്തിലും കേരളം ഒട്ടും പിന്നിലല്ല. രാജ്യത്ത് ഏഴാം സ്ഥാനത്താണ് കേരളം. രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റങ്ങൾ മാത്രം അടിസ്ഥാനമാക്കിയാണ് ഈ കണക്കുകൾ ക്രോഡീകരിച്ചിരിക്കുന്നത്. എന്നൽ രജിസ്റ്റർ ചെയ്യപ്പെടാത്ത നിരവധി കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തിയാൽ കണക്കുകൾ ഇതിലും കൂടുമെന്ന് അധികൃതർ പറയുന്നു. ഈ സാഹചര്യത്തിൽ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രസക്തി വർദ്ധിക്കുന്നു. കുറ്റകൃത്യങ്ങളിൽ നിന്ന് വിമുക്തമായ ഒരു നവലോകം നമുക്കു സ്വപ്നം കാണാം. കുറ്റകൃത്യങ്ങളിൽ വീണുപോയവരോട് കരുണകാണിക്കാനും, പഴയ തിന്മയുടെ വഴികളിൽ അവർ പോകാതിരിക്കാനും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലും ശക്തമാക്കേണ്ടതുണ്ട്.

കഴിഞ്ഞ 27 വർഷമായി ജീസസ്സ് ഫ്രട്ടേണിറ്റി തടവറയിൽ കഴിയുന്ന മക്കളുടെയും ശിക്ഷകഴിഞ്ഞിറങ്ങുന്ന സഹോദരരുടെയും നവീകരണത്തിനായി പ്രവർത്തിക്കുന്നു. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ജസ്റ്റിസ് പീസ് ആന്റ് ഡിവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന യേശുസാഹോദര്യകൂട്ടായ്മ 8 സോണുകളിലായി കേരളത്തിലെ 52 ജയിലുകളിലും ശുശ്രൂഷ ചെയ്യുന്നു. തടവറസന്ദർശനം, കൗൺസലിംഗ്, ക്ലാസുകൾ, ദിവ്യബലി എന്നിവയ്ക്കുപുറമേ ജയിലിലായിരിക്കുന്നവരുടെ ഭവന സന്ദർശനം, അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും സഹായം തുടങ്ങിയവ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ വിവിധങ്ങളായുമുള്ള പ്രവർത്തനങ്ങളിൽ ചിലതുമാത്രമാണ്. കേരളത്തിൽ 13 പുനരധിവാസ കേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റിക്ക് ഉണ്ട്. ഇതിൽ 3 എണ്ണം പുരുഷന്മാർക്കു വേണ്ടിയും 3 എണ്ണം സ്ത്രീകൾക്കുവേണ്ടിയും ബാക്കിയുള്ളവ കുട്ടികൾക്കു വേണ്ടിയുമാണ്. അനേകം പേർ ഈ ആശ്രമങ്ങളിലൂടെ പുതുജീവിതത്തിലേക്ക് എത്തപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ 30 രൂപതകളിലും യേശു സാഹോദര്യശുശ്രൂഷയ്ക്ക് ഡയറക്ടർമാരുള്ളത് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്നു. കേരളത്തിലെ 9 മേജർ സെമിനാരികളിൽ ജീസസ്സ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ വളരെ നന്നായി പ്രവർത്തിക്കുന്നു. തടവറ തീർത്ഥാടനത്തിലൂടെ ജയിലുകൾ സന്ദർശിച്ചും, ഭാവാത്മകമായ പ്രോഗ്രാമുകൾ അവതരിപ്പിച്ചും സെമിനാരി വിദ്യാർത്ഥികൾ ഈ ശുശ്രൂഷയുടെ ഭാഗമാകുന്നു എന്നത് അഭിനന്ദനാർഹമാണ്.

നിർലോഭമായി ഈ ശുശ്രൂഷയോട് സഹകരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെ നന്ദിയോടെ ഓർക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ദേവാലയത്തിൽ എടുക്കുന്ന കളക്ഷൻ എല്ലാ രൂപതകളും എത്തിച്ച് തരുന്നത് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്ക് വലിയ അനുഗ്രഹമാണ്. തുടർന്നും ഈ സഹായമുണ്ടാകണമെന്ന് വിനയപുരസരം അഭ്യർത്ഥിക്കുന്നു. ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തകരെയും, പല രീതിയിൽ സഹായഹസ്തം നീട്ടുന്ന അഭ്യുദയാകാംക്ഷികളെയും ഈ ശുശ്രൂഷയോടു സഹകരിക്കുന്ന ജയിലധികാരികളെയും പ്രാർത്ഥനയോടും നന്ദിയോടും കൂടെ ഓർക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ





# മോൺ. ജോസഫ് വെളിയത്തിൽ

വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന ബഹു. മോൺ. ജോസഫ് വെളിയത്തിലച്ചന് നിറഞ്ഞ സന്തോഷത്തോടെയാണ് രൂപതാദ്ധ്യക്ഷനും വൈദികസമൂഹവും പ്രാർത്ഥനാശംസകൾ നേർന്നതും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ സമ്മാനിച്ചതും. 56 വർഷത്തെ പൗരോഹിത്യജീവിതത്തിൽ പക്വതയാർന്ന അജപാലകൻ, നല്ല ധ്യാനഗുരു, ആദ്ധ്യാത്മിക ഉപദേഷ്ടാവ്, ആലുവ പൊന്തിഫിക്കൽ സെമിനാരി പ്രൊഫസർ, വൈസ് റെക്ടർ, രൂപതാ അഡ്മിനിസ്ട്രേറ്റർ, വികാരി ജനറാൾ, ചാൻസിലർ, രൂപതാ അഡീഷണൽ ജുഡീഷ്യൽ വികാരി, രൂപതാ മൈനർ സെമിനാരി റെക്ടർ, രൂപതാ കൺസൾട്ടർ എന്നീ നിലകളിൽ അച്ചൻ കാഴ്ച്ചവെച്ചിട്ടുള്ള സേവനങ്ങൾ അഭിവന്ദ്യപിതാവ് എടുത്തുപറഞ്ഞു.

ഭാരതീയ ദർശനത്തിൽ പ്രായമാകുമ്പോൾ വിശ്രമജീവിതമല്ല, ആശ്രമജീവിതമാണ് തുടരേണ്ടതെന്ന് പലപ്പോഴും ഓർമ്മപ്പെടുത്താറുള്ള ബഹു. അച്ചൻ നമ്മുടെ വൈദിക മന്ദിരത്തിലെ ജീവിതത്തിൽ സദാ കർമ്മനിരതനായിരിക്കുമെന്ന് തീരുമാനത്തോടെയാണ് കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ജീവിതത്തിലെന്നും എവിടേയും അടുക്കും ചിട്ടയും പാലിച്ചുപോന്നിട്ടുള്ള ബഹു. അച്ചന്റെ ജീവിതത്തിൽനിന്ന് ഒട്ടേറെ കാര്യങ്ങൾ നമ്മൾ പഠിക്കേണ്ടതുണ്ട്. അരമന വിവാഹകോടതിയിലെ കേസുകളുടെ വിധിതീർപ്പ് എഴുതുകയെന്ന ശ്രമകരമായ ദൗത്യം ബഹു. അച്ചൻ സന്തോഷത്തോടും തീക്ഷ്ണതയോടും കൂടെയാണ് നിർവ്വഹിച്ചുപോന്നത്. അദ്ദേഹത്തിന്റെ സേവനം ഇക്കാര്യത്തിൽ തുടർന്നും ഉണ്ടാകണമെന്ന് പിതാവ് അഭ്യർത്ഥിച്ചപ്പോൾ താൻ സ്ഥലമാത്രമേ മാറുന്നുള്ളു പ്രവർത്തനശൈലിക്ക് മാറ്റമില്ല എന്നായിരുന്നു ബഹു. അച്ചന്റെ മറുപടി. അദ്ദേഹത്തിന്റെ നല്ല ഗ്രന്ഥശേഖരം രൂപതയ്ക്ക് സമ്മാനിച്ചിട്ടുണ്ട്. ബഹു. മോൺ. വെളിയത്തിലച്ചൻ രൂപതയ്ക്കുവേണ്ടി ചെയ്ത എല്ലാ സേവനങ്ങളേയും നന്ദിയോടെ ഓർക്കുന്നതോടൊപ്പം അദ്ദേഹത്തിന് ആയുരാരോഗ്യവും ആത്മീയസന്തോഷവും സമൃദ്ധമായി തമ്പുരാൻ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ



# BISHOP'S Engagements

2013

## 2013 August

| | |
|---|---|
| 4 | St. Joseph's Church, Sreekrishnapuram,<br>St. John the Baptist Church, Kottappuram |
| 5-9 | Bishops' Retreat, Mount St. Thomas, Kakkanad |
| 10 | Kaikkars Meeting |
| 11 | St. Mary's Church, Alangad |
| 13 | Presbyteral Council, Bishop's House |
| 15 | Kalady |
| 18 | Global Meet, Mount St. Thomas, Kakkanad |
| 19-31 | Synod, Mount St. Thomas, Kakkanad |

## 2013 September

| | |
|---|---|
| 1 | Dhoni |
| 5 | Sehion Retreat Central, Thavalam |
| 8 | Fathima Matha Church, Agali |
| 9-14 | Priests' Retreat, Yuvkshetra |
| 15 | Elanji |







# From the Bishop's Office

### മാർ ജോസഫ് ഇരിമ്പൻ - ചരമവാർഷികം

രൂപതയുടെ ആരംഭം മുതൽ 1997 വരെ നമ്മുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി സ്നേഹ ശുശ്രൂഷചെയ്തു കടന്നുപോയ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ 16-ാം ചരമവാർഷികം ആഗസ്റ്റ് 23-ാം തിയ്യതിയാണ്. പിതാവിനെ നമുക്ക് സ്നേഹത്തോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കാം. പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. അന്നേദിവസമോ സൗകര്യപ്പെടുന്ന മറ്റൊരു ദിവസമോ പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

**വൈദികരുടെ മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിലെ കൈക്കാരന്മാരുടെ സമ്മേളനം ആഗസ്റ്റ് 10-ാം തിയ്യതി ശനിയാഴ്ച 10.30ന് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതാണ്. എല്ലാ കൈക്കാരന്മാരെയും പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. യോഗത്തിൽ സംബന്ധിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

**നിത്യാരാധന കപ്പേള**

ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആയതിനാൽ അന്നേദിവസം കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**വാർഷികധ്യാനം**

ബഹു. വൈദികരുടെ വാർഷികധ്യാനം യുവക്ഷേത്രയിൽവെച്ച് സെപ്റ്റംബർ 9-14 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് ബഹു. ജോൺ പുതുക്കുളം അച്ചനായിരിക്കും.

**വൈദിക തുടർപരിശീലനപരിപാടി**

നവംബർ 26 ഉച്ചമുതൽ 28 ഉച്ചവരെ വൈദികർക്കുവേണ്ടിയുള്ള തുടർപരിശീലനപരിപാടി മുണ്ടൂർ യുവക്ഷേത്രയിൽവെച്ച് നടത്തുന്നു. എല്ലാ വൈദീകരും അതിൽ സംബന്ധിക്കേണ്ടതാണ്.

## APPOINTMENT OF PRIESTS

1. **Rev. Fr. Ettonnil Gilbert** : Vicar, St. Thomas Church, Chittur; Chaplain, Nirmala Bhavan, Chittur (w.e.f. 18.07.2013) (Additional).
2. **Rev. Fr. Kizhakkedath Roy**: Vicar, St. Mary's Church, Palliyara (w.e.f. 18.07.2013) (Additional).
3. **Rev. Fr. Thottankara Francis:** Relieved, St. Thomas Church, Chittur; St. Mary's Church, Palliyara (w.e.f. 18.07.2013) on sick leave.
4. **Rev. Msgr. Veliyathil Joseph:** Relieved,Chancellor, Eparchial Curia (w.e.f. 25.07.2013).

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | | |
|---|---|---|
| 1. | അഗളി | ശ്രീ. ബേബി വെമ്പനിക്കൽ |
| | | ശ്രീ. മാത്യു കടമ്പനാട്ട് |
| | | ശ്രീ. ജിജി മാഞ്ഞൂരാൻ |
| 2. | അകമലവാരം | ശ്രീ. ജോർജ്ജുകുട്ടി ചെറുതലയ്ക്കൽ |
| | | ശ്രീ. ജെയ്മോൻ വടക്കേപ്പറമ്പിൽ |
| 3. | ആലത്തൂർ | ശ്രീ. സ്കറിയ തീക്കുന്നത്ത് |
| | | ശ്രീ. വിൻസെന്റ് വാഴപ്പിള്ളി |
| 4. | ആലങ്ങാട് | ശ്രീ. ഷാജു കുരിയാനിപ്പാടം |
| | | ശ്രീ. ജോയ് തോമസ് ഉള്ളാട്ടിൽ |
| 5. | ആനക്കല്ല് | ശ്രീ. ജസ്റ്റിൻ കരിമറ്റം |
| | | ശ്രീ. ചാക്കോച്ചൻ വാഴപ്പിള്ളി |
| 6. | ബാലേശ്വരം | ശ്രീ. ജോസ് കുറിവിനാക്കുന്നേൽ |
| | | ശ്രീ. അനി കിണറുവിള |
| 7. | ചെറുപ്പുളശ്ശേരി | ശ്രീ. ഡൊമിനിക്ക് മൂക്കിലകാട്ടിൽ |
| | | ശ്രീ. സിബി മോഴയംകാട്ടിൽ |
| 8. | ചിറ്റൂർ (പാലക്കാട്) | ശ്രീ. തോമസ് കരോട്ടുകിഴക്കേൽ |
| | | ശ്രീ. ജോസ് ആന്റണി ആനത്താഴത്ത് |
| 9. | കല്ലേപ്പുള്ളി | ശ്രീ. സൈമൺ ചിരാത |
| | | ശ്രീ. ജോയ് ചൊവ്വല്ലൂർ |
| 10. | കണ്ടമംഗലം | ശ്രീ. സോണി പ്ലാത്തോട്ടം |
| | | ശ്രീ. ജോർജ്ജുകുട്ടി കുന്നേൽ |
| 11. | കൊടുവായൂർ | ശ്രീ. ആന്റണി താക്കോൽകാരൻ |
| | | ശ്രീ. ജോസഫ് ചക്കാലയ്ക്കൽ |





| | | |
|---|---|---|
| 12. | കുറവംമ്പാടി | ശ്രീ. റെജി തുണ്ടത്തിൽ |
| | | ശ്രീ. അപ്പച്ചൻ കുഴുപ്പിൽ |
| 13. | മലയകം | ശ്രീ. ടി.എം. കുര്യൻ |
| | | ശ്രീ. ജോസ് വളയത്തിൽ |
| 14. | മംഗലംഡാം | ശ്രീ. സാബു മയിലാടുംപാറ |
| | | ശ്രീ. എബ്രഹാം വാളിപ്ലാക്കൽ |
| 15. | മാങ്കുറിശ്ശി | ശ്രീ. ഫിലിപ്പ് മുല്ലപ്പള്ളി |
| | | ശ്രീ. ജോർജ്ജ് തര്യൻ |
| 16. | മണ്ണാർക്കാട് | ശ്രീ. അലക്സ് പൗവ്വത്ത് മലയിൽ |
| | | ശ്രീ. രാജൻ എടയ്ക്കാമണ്ണിൽ |
| | | ശ്രീ. ബേബി പുന്നക്കുഴി |
| 17. | മെഴുകുംപാറ | ശ്രീ. ജെയിംസ് കളമ്പുകാട്ട് |
| | | ശ്രീ. ലൂക്കാ മറ്റപ്പിള്ളി |
| 18. | ഒലിപ്പാറ | ശ്രീ. മാത്യു തൊടുവനാൽ |
| | | ശ്രീ. വർഗ്ഗീസ് കാരയ്ക്കൽ |
| 19. | പാടൂർ | ശ്രീ. ജോസ് തുണിയമ്പ്രാൽ |
| | | ശ്രീ. ഷാജി ഈരേത്ര |
| 20. | പനംകുറ്റി | ശ്രീ. ചാക്കോ കുന്നത്തുമറ്റത്തിൽ |
| | | ശ്രീ. സജോ ചവറപ്പുഴ |
| 21. | പട്ടാമ്പി | ശ്രീ. ഷിജു ബാബു ചെറവത്തൂർ |
| | | ശ്രീ. ഫ്രാൻസിസ് പാറേക്കാട് |
| 22. | പുലിയറ | ശ്രീ. ജോണി പരുപരകുന്നേൽ |
| | | ശ്രീ. ഷാജി പെരിയപ്പുറം |
| 23. | പുറ്റാനിക്കാട് | ശ്രീ. ജോസ് ഉറവിൽ |
| | | ശ്രീ. ജെയിംസ് ഓലിയിൽ |
| 24. | ഷോളയൂർ | ശ്രീ. നിക്സൻ കിഴക്കയിൽ |
| | | ശ്രീ. ബിജു പാറയ്ക്കൽ |
| 25. | തച്ചനടി | ശ്രീ. ജോജി കാവുങ്കൽ |
| | | ശ്രീ. ടോമി കാട്രുകുടിയിൽ |
| 26. | തത്തമംഗലം | ശ്രീ. തോമസ് പുറത്തൂർകാരൻ |
| | | ശ്രീ. ജോസ് തലക്കോട്ടൂർ |
| 27. | ഉണ്ണിമല | ശ്രീ. ജോസ് തുണ്ടത്തിൽ |
| | | ശ്രീ. പീറ്റർ താന്നിക്കൽ |
| 28. | വചനഗിരി | ശ്രീ. റോയ് വടക്കേക്കളം |
| | | ശ്രീ. തോമസ് അറയ്ക്കൽ |
| 29. | വാൽക്കുളമ്പ് | ശ്രീ. പൗലോസ് എമ്പ്രായിൽ |
| | | ശ്രീ. മാർട്ടിൻ മണലേൽ |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Sep-13 | MON | Rev.Fr. Plathottathil Jinse |
| 3-Sep-13 | TUE | Rev. Fr. Ponmani Jose |
| 4-Sep-13 | WED | Rev. Fr. Potteparambil Jose |
| 5-Sep-13 | THU | Rev. Fr. Pulickathazhe Raju |
| 6-Sep-13 | FRI | Rev. Fr. Pulikottil Joshy |
| 7-Sep-13 | SAT | Rev. Fr. Pullukalayil Reny |
| 9-Sep-13 | MON | Msgr. Chittilappilly Joseph |
| 10-Sep-13 | TUE | Rev. Fr. Jose Paul CMI |
| 11-Sep-13 | WED | Rev. Fr. Cheruparambil Aneesh CMI |
| 12-Sep-13 | THU | Rev. Fr. Chalissery Joy CMI |
| 13-Sep-13 | FRI | Rev. Fr. Elikkot Vipin CST |
| 14-Sep-13 | SAT | Rev. Fr. Kalappurackal Thomas MST |
| 16-Sep-13 | MON | Rev.Fr. Puramadathil Jino |
| 17-Sep-13 | TUE | Rev.Fr. Puthenpurayil Joshy |
| 18-Sep-13 | WED | Rev. Fr. Puthukara John |
| 19-Sep-13 | THU | Rev. Fr. Thaikattil Anto |
| 20-Sep-13 | FRI | Rev. Fr. Thamarassery Sebastian |
| 21-Sep-13 | SAT | Rev. Fr. Thanickal Thomas |
| 23-Sep-13 | MON | Rev. Fr. Tharaniyil Paul |
| 24-Sep-13 | TUE | Rev. Fr. Thattil Martin |
| 25-Sep-13 | WED | Rev. Fr. Thekkumkattil Jomy |
| 26-Sep-13 | THU | Rev. Fr. Theruvankunnel George |
| 27-Sep-13 | FRI | Rev. Fr. Thoonikavil Jose Prakas |
| 28-Sep-13 | SAT | Rev. Fr. Thottankara Francis |
| 30-Sep-13 | MON | Rev. Fr. Thottian Paul |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"വഴിയും സത്യവും ജീവനും ഞാനാണ്"** (യോഹ. 14:6) എന്നതിനെ ആസ്പദമാക്കി ഏക ദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യഥാർത്ഥ വഴിയും സത്യവും ജീവനുമായ ദൈവം യേശുതന്നെയാണെന്നുള്ള വിശ്വാസത്തിലടിയുറച്ച്, വളരുന്ന തലമുറയെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ. ടീച്ചേഴ്സ് സെമിനാറിൽ സംബന്ധിക്കുന്ന അധ്യാപകർ അവരുടെ ടീച്ചിംഗ് നോട്ടും കൊണ്ടുവരേണ്ടതാണ്.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ആഗസ്റ്റ് 06** | **ചൊവ്വ** | **9.30 am to 4.00pm** | **കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| | | | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 09** | **വെള്ളി** | **9.30 am to 4.00pm** | **വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| | | | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)** |
| സെപ്റ്റം. 14 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 21 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 14 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| ഒക്ടോ. 16 | ബുധൻ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**വിശ്വാസപരിശീലന സംബന്ധമായ എല്ലാ കാര്യത്തിന് വരുമ്പോഴും എല്ലാ അദ്ധ്യാപകരും ഐഡന്റിറ്റി കാർഡ് ധരിച്ചുവരാൻ ശ്രദ്ധിക്കുമല്ലോ.**

### I & II HDC ഏകദിന സെമിനാറുകൾ

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യായന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ആഗസ്റ്റ് 04** | **ഞായർ** | **9.30am to 4.00pm** | **പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)** |
| **ആഗസ്റ്റ് 11** | **ഞായർ** | **9.30am to 4.00pm** | **മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 18** | **ഞായർ** | **9.30am to 4.00pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| സെപ്റ്റം 01 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 22 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഒക്ടോ. 20 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 27 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

### VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ-2013

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവി





ലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| സെപ്റ്റ. 15 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 10 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 24 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 15 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഡിസം. 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 29 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

### സാൻജോ ബുക്ക് സ്റ്റാൾ

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകങ്ങളും മറ്റും വാങ്ങിയവർ എത്രയും വേഗം കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു.

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായി' സാൻജോ

ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. (വില 50 രൂപ)

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

ഈ വിശ്വാസവർഷത്തിൽ വിശ്വാസസ്ഥിതീകരണത്തിനും ഏറ്റുപറയുന്നതിനുമായി രണ്ടാംവത്തിക്കാൻ കൗൺസിലിൽനിന്നും ഉരുത്തിരിഞ്ഞ 16 പ്രമാണരേഖകളെ ആസ്പദമാക്കി 1500 ചോദ്യങ്ങൾ അടങ്ങിയ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് എന്ന പഠനസഹായി തയ്യാറായിരിക്കുന്നു. സാൻജോ ബുക്ക്സ്റ്റാളിൽനിന്നും 50 രൂപ നിരക്കിൽ പുസ്തകം ലഭിക്കുന്നതാണ്.

**i. പങ്കെടുക്കുന്നവർ**

മൂന്നു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തുന്നത്. എ.ബി.സി എന്നിങ്ങനെയാണ് ഗ്രൂപ്പുകൾ. എ ഗ്രൂപ്പിൽ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും ബി. ഗ്രൂപ്പിൽ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും സി ഗ്രൂപ്പിൽ 12 ന് ശേഷമുള്ള ആർക്കും പ്രായപരിധിയില്ലാതെ പങ്കെടുക്കാവുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

താല്പ്പര്യമുള്ള അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രസ്തുത ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

കുടുംബസമ്മേളനങ്ങളിൽ മാർ ഇരിമ്പൻ മെമ്മോറിയൽ മെഗാ ക്വിസിന്റെ പഠനസഹായി ചർച്ചയ്ക്ക് വിധേയമാക്കി എല്ലാവരെയും ഈ മെഗാ ക്വിസിൽ പങ്കെടുപ്പിക്കുന്നത് ഈ വിശ്വാസവർഷത്തിൽ ഉചിതമായിരിക്കും. ഇക്കാര്യം വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ii. സമ്മാനങ്ങൾ**

മികച്ച സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഒരോ ഗ്രൂപ്പിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്രമമനുസരിച്ച് 3000,2000,1000 രൂപവീതം സമ്മാനങ്ങൾ നൽകുന്നതാണ്.

കൂടാതെ ഓരോഗ്രൂപ്പിനും 85 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും ഒരു നമ്പർ തിരഞ്ഞെടുത്ത് ആ നമ്പറിന്റെ ഉടമക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ടിക്കറ്റ് നൽകുന്നതാണ്.

60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും 15 പേരെ വീതം തിരഞ്ഞെടുത്ത് വേളാംകണ്ണിയിലേക്ക് തീർത്ഥയാത്രക്കുള്ള അവസരമൊരുക്കുന്നു.





**iii. രജിസ്ട്രേഷൻ**

വിശ്വാസപരിശീലനവേദി പ്രധാനാദ്ധ്യാപകർവഴി ഇടവകയിലേക്കു നൽകുന്ന ഓരോഗ്രൂപ്പിനും വേണ്ടിയുള്ള നിശ്ചിതഫോം വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ നടത്തുമ്പോൾ 50 രൂപ നല്കേണ്ടതാണ്. തദവസരത്തിൽ 50 രൂപ വിലയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെ അടിസ്ഥാനമാക്കി രൂപതാ വിശ്വാസപരിശീലനവേദി തയ്യാറാക്കിയ പഠനസഹായി ലഭിക്കുന്നതാണ്. ആ പഠന സഹായിയുടെ അവസാനത്തെ പേജാണ് പരീക്ഷ എഴുതാനുള്ള ഹാൾ ടിക്കറ്റ്. ഹാൾ ടിക്കറ്റിൽ രജിസ്ട്രേഷൻ നമ്പർ ഉറപ്പാക്കാൻ ശ്രദ്ധിക്കുമല്ലോ. **രജിസ്ട്രേഷനുള്ള അവസാനദിവസം ഒക്ടോബർ 20 ആയിരിക്കും.**

**iv. പരീക്ഷാ ക്രമീകരണങ്ങൾ**

പഠനസഹായി അടിസ്ഥാനമാക്കി മാത്രമായിരിക്കും ചോദ്യങ്ങൾ ശരിയുത്തരം നൽകപ്പെട്ടിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുത്ത് ചോദ്യപേപ്പറിൽതന്നെ കളർ ചെയ്യുന്ന രീതിയിലുള്ള 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യപേപ്പറാണ് തയ്യാറാക്കുക. കൂടാതെ മൂന്ന് ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതാനും നൽകുന്നതാണ്.

**v. പരീക്ഷാ തിയ്യതിയും സമയവും**

രൂപതയിലെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും നവംബർ 9 രണ്ടാം ശനിയാഴ്ച 10 മുതൽ 12.30 വരെ ആയിരിക്കും മത്സരം നടക്കുക.

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണല്ലോ കൗമാരവും യൗവ്വനവും. അതിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന HDC പരിശീലനവും. വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യംവച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. തക്കതായ കാരണങ്ങളാൽ ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 500 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 31 ശനിയാഴ്ച്ചയ്ക്ക് മുൻപായി ഏൽപിക്കേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടുദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 13, 14 തിയ്യതികളിലും ഡിസംബർ 26നുമായി

**രിക്കും നടക്കുക. ഒരു ഇടവകയിൽ നിന്നും രണ്ടിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടെത്തന്നെ അനുയോജ്യമായ സമയവും സാഹചര്യവുമൊരുക്കി വിശ്വാസപരിശീലനം നടത്തേണ്ടതാണ്.**

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2013 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**സ്റ്റാറ്റിസ്റ്റിക്സ്& ന്യൂ ടീച്ചേഴ്സ് ഫോം**

സൺഡേ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ് പുതിയ അധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോം എന്നിവ ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അവ എത്തിക്കേണ്ടതാണ്.

**രൂപതാ മതബോധന കൗൺസിൽ**

ആഗസ്റ്റ് 10-ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണി മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. മതാദ്ധ്യാപക ദിനാഘോഷമാണ് ചർച്ചാവിഷയം.

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.





**അദ്ധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5-10 പേജുകൾ കവിത 20-40 വരികൾ, ചെറുകഥ 3.5 പേജുകൾ) **ആഗസ്റ്റ് 31 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.**

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15, 25, 35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതിനായി പൂരിപ്പിച്ചുതരേണ്ട ഫോം മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോം ഫോട്ടോയോടുകൂടി ആഗസ്റ്റ് 31ന് മുൻപായി മതബോധന കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**മതാദ്ധ്യാപക ഐഡന്റിറ്റി കാർഡ്**

വിശ്വാസ പരിശീലന വേദിയിലെ എല്ലാ അദ്ധ്യാപകർക്കും ഐഡന്റിറ്റി കാർഡ് നിർബന്ധമാണ്. ഐഡന്റിറ്റികാർഡ് ലഭിച്ചവർ വേദപാഠം പഠിപ്പിക്കുന്ന വർഷമനുസരിച്ച് അവരവരുടെ കാർഡിൽ വികാരിയച്ചന്റെ ഒപ്പ് സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലുമൊരു വിശ്വാസപരിശീലന വർഷത്തിൽ വികാരിയച്ചന്റെ ഒപ്പില്ലാത്ത ഐഡന്റിറ്റി കാർഡുള്ളവർ ആ വർഷം വേദപാഠം പഠിപ്പിക്കുന്നില്ലാ എന്നാണ് അർത്ഥമാക്കുന്നത്. ഒരു പ്രാവശ്യം ഐഡന്റിറ്റി കാർഡ് ലഭിച്ചാൽ ഒരു കാരണവശാലും നഷ്ടപ്പെടുത്താൻ പാടില്ല. ഐഡന്റിറ്റി കാർഡ് അപ്രധാനമായി കണ്ട് നഷ്ടപ്പെടുത്തുക വഴി വിശ്വാസ പരിശീലനത്തോടും നമ്മുടെ വ്യക്തിഗത ഉത്തരവാദിത്വത്തോടും സമൂഹത്തോടുമുള്ള വികലമനോഭാവമാണ് സൂചിപ്പിക്കുന്നത്. ഐഡന്റിറ്റി കാർഡിന്റെ കാലാവധി തീർന്നാൽ പഴയ കാർഡ് നമ്പറോടുകൂടി പുതിയ കാർഡ് പ്രധാന അധ്യാപകൻ വഴി വിശ്വാസ പരിശീലന വേദിയിൽ നിന്നും കൈപ്പറ്റേണ്ടതാണ്. അദ്ധ്യാപകർ അവരുടെ ക്രമമായ ജീവിതത്തിന്റെയും അർപ്പണബോധത്തിന്റെയും ബാഹ്യപ്രകടനമെന്നോണം വിശ്വാസപരിശീലന പരിപാടികളിൽ സംബന്ധിക്കുമ്പോൾ ഈ കാർഡ് നിർബന്ധ ബുദ്ധ്യാ ധരിക്കേണ്ടതാണ്.

തങ്ങളുടെ ഇടവകയിലെ മതാദ്ധ്യാപകരെല്ലാം BTC കോഴ്സിൽ സംബന്ധിച്ചവരും ഐഡന്റിറ്റികാർഡ് ലഭിച്ചവരുമാണോ എന്ന് പ്രധാനഅദ്ധ്യാപകനും വികാരിയച്ചനും ഉറപ്പുവരുത്തുമല്ലോ.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 6–ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. പഠനഭാഗം –80 മാർക്ക്, മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായി – 10 മാർക്ക്, ലോഗോസ് ക്വിസ് – 10 മാർക്ക്. ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

NB: English Question paper ആവശ്യമുള്ളവർ ആഗസ്റ്റ് 31 ന് മുമ്പ് എണ്ണം മത ബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**SMCC അവാർഡ് ഫോം**

SMCC അവാർഡിനുള്ള ഫോം എത്തിക്കേണ്ട അവസാനദിവസം ആഗസ്റ്റ് 10 ശനിയാഴ്ചയാണ്. ഫൊറോന ഡയറക്ടേഴ്സ് തങ്ങളുടെ ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോറം ശേഖരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**SMCC സോണൽ മീറ്റ്**

SMCC സോണൽ മീറ്റ് നടക്കുന്ന തീയതിയും സ്ഥലവും താഴെചേർക്കുന്നു.

ആഗസ്റ്റ് 25 – താവളം

സെപ്തംബർ 8 – പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം

സെപ്തംബർ 15 – വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട്

സെപ്തംബർ 22 – കാഞ്ഞിരപ്പുഴ, പൊന്നംകോട്, മണ്ണാർക്കാട്

**മിഡ്ടേം പരീക്ഷയുടെ ഫലം**

ജൂലൈ 28, ഞായറാഴ്ച നടന്ന മിഡ്ടേം പരീക്ഷയുടെ ഫലം ബഹു. മതാദ്ധ്യാപകർ തങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന നിർദ്ദേശമനുസരിച്ച് രൂപതയുടെ മതബോധന വെബ്സൈറ്റിൽ ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**റെഗുലർ സ്കുൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

ആഗസ്റ്റ് 3 ശനി 10am to 4pm താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം)





**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2013–2014 അദ്ധ്യായന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതിയും ഉടൻതന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

website: starspalghat.blogspot.in

ജൂലൈ മാസത്തിലെ സ്റ്റാർസിനായുള്ള ക്ലാസ്സ് പാസ്റ്ററൽ സെന്ററിൽവെച്ച് ജൂലൈ 27 ശനിയാഴ്ച നടത്തപ്പെട്ടു. 9.30 മുതൽ 3.30 വരെയുണ്ടായിരുന്ന ക്ലാസ്സിൽ മുഴുവൻ കുട്ടികളും പങ്കെടുത്തു. ഫാ. ആൻസൻ മേച്ചേരി, പ്രമോദ് സാർ തുടങ്ങിയവർ ക്ലാസ്സെടുത്തു. ഫാ. ജോമിസ് കൊടകശ്ശേരി, ഫാ. ജോമി തേക്കുംകാട്ടിൽ തുടങ്ങിയവർ ക്ലാസിന് നേതൃത്വം നൽകി.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

## ബൈബിൾ അപ്പോസ്തലേറ്റ്

website: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2013**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2013.

**ലോഗോസ് ക്വിസ് 2013 ന്റെ സവിശേഷതകൾ**

ഈ വർഷം വിദേശമലയാളികൾക്ക് ഓൺലൈൻ വഴി ലോഗോസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

**A. വിഭാഗം-01-01-2002 ന് ശേഷം ജനിച്ചവർ.**

**B. വിഭാഗം-01-01-1997 നും 31.12.2001 നും ഇടക്ക് ജനിച്ചവർ.**

**C. വിഭാഗം-01-01-1982 നും 31.12.1996 നും ഇടക്ക് ജനിച്ചവർ.**

**D. വിഭാഗം-01-01-1962 നും 31.12.1981 നും ഇടയ്ക്ക് ജനിച്ചവർ.**

**E. വിഭാഗം-01-01-1949 നും 31-12-1961 നും ഇടയ്ക്ക് ജനിച്ചവർ.**

**F. വിഭാഗം-31-12-1948 ന് മുമ്പ് ജനിച്ചവർ.**

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. ലേവ്യർ 1-14
2. വി. ലൂക്കാ. 1-12
3. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2013 സെപ്റ്റംബർ 29-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18 പേർ) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2013 നവംബർ 30 ന് രാവിലെ 10.00 മുതൽ ആയിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്ന





വർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളു കൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്




**ഫൊറോന സെമിനാറുകൾ**

| | സ്ഥലം | ദിവസം | സമയം |
|---|---|---|---|
| 2. | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 6.7.13 ശനി | 9.30-3.30 |
| 3. | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 20.7.13 ശനി | 9.30-3.30 |
| 4. | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ) | 31.8.13 ശനി | 9.30-3.30 |
| 5. | മണ്ണാർക്കാട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ) | 7.9.13 ശനി | 9.30-3.30 |
| 6. | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) | 19.9.13 വ്യാഴം | 9.30-3.30 |
| 7. | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 20.9.13 വെള്ളി | 9.30-3.30 |
| 8. | താവളം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 21.9.13 ശനി | 9.30-3.30 |
| 9. | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) | 12.10.13 ശനി | 9.30-3.30 |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**പുതിയ വെബ്സൈറ്റ്**

സംഘടനയെ സംബന്ധിക്കുന്ന വാർത്തകളും ഫോട്ടോകളും കാണുവാൻ സന്ദർശിക്കുക,

**www.holychildhoodpalghat.blogspot.in**

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## അൾത്താരസംഘം

website: abapalghat.blogspot.in

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **ആഗസ്റ്റ് 22** | **ശനി** | **9.30 am to 4.00 pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 28** | **ശനി** | **9.30 am to 4.00 pm** | **മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| **ആഗസ്റ്റ് 31** | **ശനി** | **9.30 am to 4.00 pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)** |
| സെപ്റ്റം.07 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.19 | വ്യാഴം | 9.30 am to4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.20 | വെള്ളി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 12 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |





**അൾത്താരസംഘത്തിന്റെ സെമിനാറിനായി വരുമ്പോൾ എ.ബി.എ. ഫ്ളാഗും അൾത്താരസംഘത്തിന്റെ റൂൾ ബുക്കും കൊണ്ടുവരേണ്ടതാണ്.**

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5, 6, 7) സീനിയർ (8–12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി | – | 60 മാർക്ക് |
| കുർബാനപുസ്തകം | – | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | – | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | – | 5 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 16 ബുധൻ – ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 14 ശനി – പാസ്റ്ററൽ സെന്റർ.

**ABA വാർഷിക റിപ്പോർട്ട്**

ഓരോ ഇടവകയിലേയും അൾത്താര ബാലന്മാരുടെ പ്രവർത്തനത്തെ വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ സെമിനാറിനായി വന്നപ്പോൾ ലഭിച്ച പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്നകാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. ഡിസംബർ 31ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഉള്ള അൾത്താര ബാലന്മാരുടെ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**പ്രിയ കുഞ്ഞു മിഷനറിമാരെ**

നമ്മുടെ രൂപതാ കൗൺസിൽ ജൂലായ് 13-ാം തിയതി നടത്തപ്പെടുകയുണ്ടായി. അന്നേ ദിവസം രാവിലെ ചേർന്ന സംയുക്ത സമ്മേളനത്തിൽ വച്ച് സംഘടനയുടെ രൂപതാ രക്ഷാധികാരി അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും വിശ്വാസപ്രമാണ ഫലകപ്രയാണത്തിന്റെ കൈമാറ്റവും നിർവ്വഹിച്ചു. 70 ഓളം ശാഖകളിൽ നിന്നായി ഭാരവാഹികളും ആനിമേറ്റേഴ്സും ഉൾപ്പെടെ 185 അംഗങ്ങൾ പങ്കെടുത്തു. എല്ലാ ശാഖ-മേഖലാ തലങ്ങളിൽ നിന്നും നൽകിയ പ്രോത്സാഹനത്തിനും സഹകരണത്തിനും എല്ലാ ബഹു. വൈദികരോടും ഭാരവാഹികളോടും ആനിമേറ്റേഴ്സിനോടും നന്ദി പ്രദർശിപ്പിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളും ഇതേ തീക്ഷ്ണതയോടെ തന്നെ നടത്തുവാൻ ഓർമ്മിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

**അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ**

**2013- ആഗസ്റ്റ് കർമ്മപരിപാടികൾ**

ആഗസ്റ്റ് 2 വെള്ളി : മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. കുരുവിള പ്ലാന്തോട്ടത്തിന്റെ ചരമദിനം. അദ്ദേഹത്തിന്റെ ആത്മശാന്തിക്കു വേണ്ടി പ്രാർത്ഥിക്കുക.

ആഗസ്റ്റ് 4 ഞായർ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, വൈദികദിനം-ശാഖാ ഡയറക്ടേഴ്സിനു വേണ്ടി പ്രാർത്ഥിക്കുക, ആശംസകൾ അറിയിക്കുക.

ആഗസ്റ്റ് 9 വെള്ളി : കരിഗ്മ 2013 -പാലക്കാട്, ഒലവക്കോട്, തത്തമംഗലം മേഖലാ ഏകദിനസെമിനാർ

ആഗസ്റ്റ് 10 രണ്ടാംശനി :മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. വെയിൽസ് ജോസഫ് പനച്ചിത്തറയുടെ ചരമദിനം,'ശാഖാ-മേഖലാ സാഹിത്യമത്സരം' - സാഹിത്യ മത്സരം അതാതു ശാഖകളിൽ നടത്തി വിധിനിർണയത്തിനായി മേഖലകളിൽ എത്തിക്കുക.

ആഗസ്റ്റ് 11 ഞായർ : സ്ഥാപക നേതാവ് ശ്രീ പി.സി അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) ന്റെ 4-ാം ചരമ വാർഷികം. കുഞ്ഞേട്ടന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുക.





ആഗസ്റ്റ് 15 വ്യാഴം : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണതിരുനാളും സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിക്കുക.

ചിന്താവിഷയം : പരി. അമ്മ വിശ്വാസ ജീവിതത്തിന്റെ മാതൃക.

ആഗസ്റ്റ് 21 ബുധൻ : പ്രഥമ ദേശീയ ഡയറക്ടർ റവ. ഫാ. തോമസ് നെറ്റിക്കാടൻ ചരമദനം

ആഗസ്റ്റ് 22 വ്യാഴം : കരിഗ്മ 2013 പൊന്നംകോട് മേഖല ഏകദിന സെമിനാർ

ആഗസ്റ്റ് 26 തിങ്കൾ : സാഹിത്യമത്സരഫലങ്ങൾ രൂപതയിൽ എത്തിക്കേണ്ട അവസാനദിവസം

ആഗസ്റ്റ് 28 ബുധൻ : കരിഗ്മ-2013 വടക്കഞ്ചേരി, മേലാർകോട് മേഖലകൾ-ഏകദിനസെമിനാർ.

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാ നിയോഗം- മാതൃരാജ്യത്തിലെ സുവിശേഷ വൽക്കരണത്തിനുവേണ്ടി

* മേഖല തല സെമിനാറുകൾ : ശാഖ ഭാരവാഹികൾക്കുവേണ്ടി

(വിഷയം : ലഹരി; സമൂഹത്തിലെ ക്യാൻസർ)

* മേഖല റാലികൾ നടത്തുക

* മുൻകാല മേഖല ഭാരവാഹികളുടെ സംഗമം നടത്തുക.

സുകൃതജപം: "എന്റെ അമ്മേ..... എന്റെ ആശ്രയമേ"

**ആശംസകളോടെ...**

**ഫാ. നീലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ

## കെ. സി. വൈ. എം

**രൂപത അർദ്ധവാർഷിക സെനറ്റ് ആഗസ്റ്റ് 9**

കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ 2013 പ്രവർത്തനവർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2013 ആഗസ്റ്റ് 9 ന് പാലക്കാട് പാസ്റ്റ

റൽ സെന്ററിൽ വച്ച് നടക്കുന്നു. രാവിലെ 9.00 മണിക്ക് രജിസ്ട്രഷനോടെ ആരംഭിക്കുന്ന സെനറ്റ് സമ്മേളനം അന്നേ ദിനം 4.00 മണിയോടെ സമാപിക്കും. ഈ വർഷത്തെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനവും ഇനിയുള്ള പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമഗ്രമായ നിർദ്ദേശങ്ങളും ചർച്ചചെയ്യപ്പെടുന്ന കെ.സി.വൈ.എം.-ന്റെ പരമാധികാരസഭയായ സെനറ്റ് സമ്മേളനത്തിൽ അങ്ങയുടെ മഹനീയ സാന്നിദ്ധ്യം ആദ്യന്തം ഉണ്ടാവണം. സെനറ്റിൽ ഫൊറോനകൾ തങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടുകൾ വായിക്കേണ്ടതാണ്. ക്രിയാത്മകമായ നിർദ്ദേശങ്ങളും ആശയങ്ങളും നൽകി സഭയിലും സമൂഹത്തിലും നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പ്രബുദ്ധമാക്കുവാൻ അങ്ങയുടെ സാനിദ്ധ്യം സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. സെനറ്റിൽ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടെ എല്ലാ യൂണിറ്റ് ഫൊറോന ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രഷൻ ഫീസ് യൂണിറ്റിന് 250 രൂപയാണ്.

**രൂപത യുവജനദിനം ജൂലൈ 13**

കെ.സി.വൈ.എം രൂപത യുവജനദിനം വടക്കഞ്ചേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന പള്ളിയിൽ വെച്ച് ജൂലൈ 13 ന് സമുചിതമായി ആഘോഷിച്ചു. രൂപത പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ പതാക ഉയർത്തി അരംഭം കുറിച്ച യുവജനദിനത്തിന് വടക്കഞ്ചേരി യൂണിറ്റ് പ്രസിഡന്റ് അബിൻ സ്വാഗതം പറഞ്ഞു. തുടർന്ന് റവ. ഫാ. ജോമി ഇലഞ്ഞിക്കൽ ക്ലാസുകൾ നയിച്ചു.

പൊതുസമ്മേളനം അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട രൂപത പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അദ്ധ്യക്ഷനായ സമ്മേളനത്തിന് ഡയറക്ടർ റവ. ഫാ. ടോം ജി വടക്കേക്കര ആമുഖ പ്രഭാഷണം നടത്തി. വടക്കഞ്ചേരി ഫൊറോന വികാരി റവ. ഫാ. ജോർജ് തെരുവംകുന്നേൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ മാത്യു എന്നിവർ സംസാരിച്ചു. രൂപത ജോയിന്റ് ഡയറക്ടർ റവ. ഫാ. ആന്റോ കീറ്റിക്കൽ, ഫൊറോന ഡയറക്ടർ റവ. ഫാ. അനു കളപ്പുരക്കൽ, സിസ്റ്റർ ഡീന, ശ്രീ. പ്രിൻസ് കളമ്പുക്കാട്ടിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അഭിവന്ദ്യ പിതാവിന് ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്ന് രൂപത സെക്രട്ടറി ശ്രീ. റെജി ഡൊമിനിക് സംസാരിച്ചു. ഫൊറോന പ്രസിഡന്റ് സ്വാഗതം പറഞ്ഞ സമ്മേളനത്തിന് രൂപത ജനറൽ സെക്രട്ടറി ശ്രീ. സംഗീത് മാർട്ടിൻ നന്ദിയും പറഞ്ഞു.





400 യുവജനങ്ങളും ആനിമേറ്റർമാരും ഡയറക്ടർമാരും പങ്കെടുത്ത യുവജനദിനത്തിന് സ്നേഹസഹകരണങ്ങൾ നൽകിയ വടക്കഞ്ചേരി ഫൊറോന, യൂണിറ്റ് സമിതികൾക്കും മറ്റ് എല്ലാ ഡയറക്ടർമാർക്കും പങ്കെടുത്ത എല്ലാ യുവജന ശുശ്രൂഷകർക്കും യുവജനങ്ങൾക്കും ഒരായിരം നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

## മാതൃസംഘം

**പരിശുദ്ധാത്മാവിലുള്ള വിശ്വാസം**

**2013 ആഗസ്റ്റ്**

ആഗസ്റ്റ് 22 – മാതൃസംഘം ഫൊറോനതല സാഹിത്യമത്സരങ്ങൾ (വിശ്വാസവർഷ അനുബന്ധ വിഷയങ്ങൾ).

ഓഗസ്റ്റ് 9 – മാതൃസംഘം രൂപതാതല ഡിബേറ്റ്

**വിഷയം** : വർദ്ധിച്ചുവരുന്ന ഭക്താത്മാക്കളും വിശ്വാസമില്ലാത്ത തലമുറയും- വൈരുദ്ധ്യമോ?

a) ഭക്താത്മാക്കളുടെ ആദ്ധ്യാത്മിക അടിത്തറ

b) വിശ്വാസിയുടെ വിശ്വാസ പ്രതിസന്ധികൾ

വചനസദ്യ – വചനപഠനത്തിനുതകുന്ന മത്സരങ്ങൾ.

**ഫാ. റെജി മാത്യു പെരുമ്പിള്ളിൽ**
ഡയറക്ടർ



## പിതൃസംഘം

പിതൃസംഘത്തിന്റെ നിയമാവലി എല്ലാ വൈദികരുടെയും പക്കൽ എത്തിച്ചിട്ടുണ്ട്. ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ?.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, പിതൃസംഘം



# കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മയുടെ നടത്തിപ്പ്ക്രമം - ഒരു മാർഗ്ഗരേഖ**

ഇടവക സമൂഹത്തെ കൂട്ടായ്മയിൽ വളർത്താനും അജപാലനകാര്യങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമമാക്കുന്നതിനുമാണ് കുടുംബ സമ്മേനം (രൂപത നിയമാവലി 133.1). ഇടവകയുടെ പ്രവർത്തനങ്ങളിൽ അത്മായ പങ്കാളിത്തം സജീവമാക്കാൻ കുടുംബസമ്മേളനങ്ങൾ സഹായകമാണ് (133.2). ദൈവവചനം പഠിക്കുക, ആനുകാലിക വിഷയങ്ങൾ ചർച്ച ചെയ്യുക, കുടുംബങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുക, തിരുനാളുകൾ, വാർഷികാഘോഷങ്ങൾ, മതബോധനം, ധ്യാനം തുടങ്ങിയവ സഹകരണത്തോടെ നടത്തുക, കുടുംബങ്ങളും, വ്യക്തികളും തമ്മിലുള്ള ഭിന്നത തീർക്കുക തുടങ്ങിയവയൊക്കെ കുടുംബക്കൂട്ടായ്മ കേന്ദ്രീകരിച്ച് നടക്കണം. അതുപോലെ ചികിത്സ, ഭവനനിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, മരണാനന്തര കാര്യങ്ങൾ എന്നിവയ്ക്ക് പ്രത്യേക സഹായം ആവശ്യമെങ്കിൽ അക്കാര്യം യൂണിറ്റിൽ ചർച്ചചെയ്യുകയും സഹായം നല്കുകയും ചെയ്യണം (133.8). അതുകൊണ്ട് നമ്മുടെ രൂപതയിൽ കുടുംബക്കൂട്ടായ്മയ്ക്ക് ഒരു ഏകീകൃതസ്വഭാവം വേണമെന്ന് യൂണിറ്റ് ഭാരവാഹികളുടെ നിർദ്ദേശപ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ബഹു. വികാരിയച്ചൻമാർ പ്രാവർത്തികമാക്കുമല്ലോ:

1. മാസത്തിൽ ഒരുപ്രാവശ്യം മുടങ്ങാതെ നടത്തണം.
2. ചുരുങ്ങിയത് ഒന്നര മണിക്കൂർ നേരമെങ്കിലും ഉണ്ടായിരിക്കണം.
3. ആരംഭത്തിലോ അവസാനത്തിലോ അരമണിക്കൂർനേരം പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുക, ബാക്കി സമയം മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുക.
4. രൂപത ബുള്ളറ്റിനിൽ അടിച്ചുവരുന്ന പഠനങ്ങൾ തീർച്ചയായും ചർച്ചാ വിഷയമാക്കണം. അതിന്റെ കോപ്പികൾ ആവശ്യമുണ്ടെങ്കിൽ എന്നെ സമീപിക്കുക. അച്ചൻതന്നെ ചർച്ചയ്ക്ക് നേതൃത്വം കൊടുക്കണമെന്നില്ല.
5. അടുത്ത കുടുംബകൂട്ടായ്മ എവിടെവച്ചാണ് എന്ന് തീരുമാനിച്ച് എല്ലാവരെയും അറിയിക്കണം.
6. റിപ്പോർട്ടും കണക്കുവായനയും ഉണ്ടായിരിക്കണം.
7. യൂണിറ്റിലെ അഞ്ച് ഭാരവാഹികളുടെയും പ്രത്യേക പങ്കാളിത്തം ഉണ്ടായിരിക്കണം.





8. യൂണിറ്റിന്റെ വാർഷികം ലളിതമായെങ്കിലും എല്ലാ വർഷവും നടത്തണം (133.10).
9. യൂണിറ്റു ഭാരവാഹികളുടെ ഏകോപനസമിതിയും കൺവീനർമാരും ഉണ്ടായിരിക്കണം (133.10).
10. കുടുംബത്തിലെ എല്ലാവരും, കുട്ടികൾ ഉൾപ്പെടെ കുടുംബക്കൂട്ടായ്മയിൽ പങ്കെടുക്കാൻ ആവശ്യപ്പെടണം.

**ഫാ.ജോർജ്ജ് തുരുത്തിപ്പള്ളി**
**കുടുംബക്കൂട്ടായ്മ ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## പ്രീകാന കോഴ്സ്

**ആഗസ്റ്റ്** മാസത്തിലെ പ്രീകാനകോഴ്സ് **5,6,7,8** തിയ്യതികളിലും **സെപ്തംബർ** മാസത്തിലെ പ്രീകാനകോഴ്സ് **2,3,4,5,** തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്.

# മദ്യവിരുദ്ധസമിതി

മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സഭയിൽ വ്യത്യസ്ഥമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. മദ്യത്തിന്റെ ഉപയോഗമാണോ, ദുരുപയോഗമാണോ നാം എതിർക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഇന്നും അവസാനിച്ചു എന്നു പറയാനാവില്ല. എങ്കിലും കേരളത്തിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ലക്ഷ്യം

വച്ചുകൊണ്ടുള്ള മദ്യവിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കണമെന്ന അഭിപ്രായ സമന്വയത്തിലാണ് സഭ ഇന്ന് എത്തിനിൽക്കുന്നത്. കാരണം ദൈവത്തിന്റെ സ്വന്തം നാടായ കേരളം ലഹരിയുടെ സ്വന്തം നാടായി മാറിക്കഴിഞ്ഞു. കൗമാരക്കാരും കുടുംബങ്ങളും ലഹരിയുടെ കണ്ണീർക്കടലിൽ വീണിരിക്കുന്നു. സമൂഹം വലിയൊരു സാമൂഹ്യവിപത്തിന്റെ വക്കിലാണ്. ഭാവി തലമുറ ലഹരിയുടെ ആലസ്യത്തിൽ മയങ്ങുന്നു. സാക്ഷരകേരളം ഇന്ന് രാക്ഷസകേരളമായി മാറിയിരിക്കുന്നു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ നമ്മൾ കാണിക്കുന്ന അലസതയ്ക്കും പ്രതികാരമില്ലായ്മയ്ക്കും വലിയ വില കൊടുക്കേണ്ടിവരും. വില നിശ്ചയിക്കാനാവാത്ത വരും തലമുറയുടെ നാശമാണ് ആ വില. ദൈവത്തിന്റെ മുമ്പിൽ ജീവന്റെയും ആത്മാവിന്റെയും കണക്ക് പറയാനാവാതെ വരും. വലിയ നിലവിളിക്ക് മുമ്പിൽ നിസ്സഹായവരും മാരകമായ തെറ്റുകൾക്ക് മുമ്പിൽ നിശബ്ദരുമായി നാം മാറും. അതുകൊണ്ട് ലഹരി വരും തലമുറയ്ക്ക് ശാപഗ്രസ്തമാവാതിരിക്കാൻ അവരെ നിഷ്ക്രിയ മനോഭാവത്തിലേയ്ക്ക് തള്ളിവിടാതിരിക്കാൻ നമുക്കും ഉണർന്നു പ്രവർത്തിക്കാം.

**ജ്യോതിർഗമയ**

ലഹരിക്കെതിരെ കേരള മനസ്സാക്ഷിയെ ഉണർത്താൻ കെ.സി.ബി.സി മദ്യനിരോധന സമിതി ലഹരി വിമോചന കേരളയാത്ര സംഘടിപ്പിക്കുന്ന വിവരം അറിഞ്ഞ് കാണുമല്ലോ. പരിപൂർണ്ണമായ സഹകരണം നൽകി ഈ നിയോഗത്തെ വിജയിപ്പിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. 2013 ആഗസ്റ്റ് 14 ന് കാസർകോട് നീലേശ്വരത്തുനിന്ന് തുടങ്ങി 2013 ഒക്ടോബർ 2 ന് തിരുവനന്തപുരത്ത് സമാപിക്കുന്നു. 50 ദിവസം നീളുന്ന ഈ യാത്ര നമ്മുടെ രൂപതയിലൂടെ കടന്ന് പോകുന്നത് ആഗസ്റ്റ് 27-ാം തിയ്യതിയാണ്. അന്നേദിവസം ഈ ലഹരിവിമോചന യാത്രയ്ക്ക് മതിയായ രീതിയിൽ സ്വീകരണം നൽകാനും അത് വിജയിപ്പിക്കാനും നിങ്ങൾ ഏവരുടെയും സഹായ സഹകരണം ആവശ്യമാണ്.

1. 6 സ്ഥലങ്ങളിലാണ് ഈ ലഹരിവിമോചന യാത്രയ്ക്ക് സ്വീകരണവും പൊതുസമ്മേളനവും മറ്റ് പരിപാടികളും ക്രമീകരിച്ചിരിക്കുന്നത്.

2. നമ്മുടെ രൂപതയിൽ കൃത്യം 9 ന് മണ്ണാർക്കാട് വച്ച് തുടങ്ങുന്ന യാത്ര 6 മണിയ്ക്ക് വടക്കഞ്ചേരിയിൽ സമാപിക്കുന്നു.

| | | | |
|---|---|---|---|
| 3. | 9am to 10 am | - | മണ്ണാർക്കാട് |
| | 10.30 am to 11.30am | - | കല്ലടിക്കോട് |
| | 12.pm to 2 pm | - | പാലക്കാട് |
| | 2.30 pm to3.pm | - | തത്തമംഗലം |
| | 4.pm to 4.30 pm | - | നെന്മാറ |
| | 5. pm to 6.pm | - | വടക്കഞ്ചേരി സമാപനം |





മുകളിൽ നൽകിയിരിക്കുന്ന സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ യാത്രയ്ക്ക് സ്വീകരണം ക്രമീകരിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിൽ യാത്രയ്ക്ക് സ്വീകരണം നൽകുന്നതിനും എല്ലാ ഇടവകകളിൽ നിന്നും ആളുകളെപറഞ്ഞ് വിടാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ലഹരി വിമോചന യാത്ര വിജയിപ്പിക്കാൻ നമ്മുടെ രൂപതയിലെ മറ്റ് എല്ലാ സംഘടനകളുടെയും സാന്നിദ്ധ്യവും സഹകരണവും നൽകുമല്ലോ മറ്റ് വിശുദ്ധമായ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**അറിയിപ്പുകൾ**

1. കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന ലഹരി വിമോചന പ്രവർത്തനങ്ങൾക്കുള്ള സഭയുടെ മാർഗരേഖ ആവശ്യമുള്ളവർ രൂപതാ സമിതിയുമായി ബന്ധപ്പെടുക.
2. ആഗസ്റ്റ് 10 ന് മുമ്പായി എല്ലാ ഫൊറോനകളിലും ഫൊറോന എക്സിക്യൂട്ടീവ് കൂടി ലഹരി വിമോചന യാത്രയുടെ സ്വീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
3. ഇനിയും യൂണിറ്റുകൾസ്ഥാപിക്കാത്ത ഇടവകകളിൽ ഈ മാസം തന്നെ യൂണിറ്റുകൾ സ്ഥാപിക്കുക.

**ഫാ. ജിജോ പാറയിൽ**

ഡയറക്ടർ




**പുതുചൈതന്യം പകർന്ന് നവജീവൻ 2013**

പാലക്കാട് സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ജൂലായ് 20 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നവജീവൻ 2013 എന്ന പേരിൽ കരിസ്മാറ്റിക് സംഗമം നടത്തി. രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെയായിരുന്നു കൂട്ടായ്മ. മാർ ജേക്കബ് മനത്തോടത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും

Zume ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാമിന്റെ ആദ്യബാച്ചിൽ പങ്കെടുത്തവർക്ക് മെമെന്റോ നൽകുകയും ചെയ്തു. റവ. ഫാ. റെനി പുല്ലുകാലായിൽ , തോമസ് കുര്യൻ (കോട്ടയം) ജോസ് (കണ്ണൂർ) ഫ്രാങ്കോജോസഫ്, സോണൽ കോഡിനേറ്റർ ഉമ്മൻ മാത്യു PST അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സോണിലെ വിവിധ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നായി 150 തിലേറെപേർ ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

## Zume- 2 ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാം

ജൂലൈ 20 ന് നടന്ന നവജീവൻ 2013 പ്രോഗ്രാമിൽവെച്ച് ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാമിന്റെ പുതിയ ബാച്ച് ആരംഭിച്ചു. അടുത്ത ക്ലാസ് ആഗസ്റ്റ് 16 ന് വൈകീട്ട് 4 മുതൽ 17 ശനി വൈകീട്ട് 4 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. ശ്രീ. തോമസ് കുര്യൻ റവ. ഫാ. റെനി പുല്ലുകാലായിൽ എന്നിവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക–9446728293

### വചനോത്സവവുമായി തെരുവിലേയ്ക്ക്

ലീഡേഴ്സ് പ്രോഗ്രാമിൽ പങ്കെടുത്തവർ സുവിശേഷപ്രവർത്തനങ്ങളുടെ ഭാഗമായി 3500 ലധികം വചനോത്സവങ്ങൾ വിതരണം ചെയ്തു. ജൂലൈ 1 ന് രാവിലെ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചതിനുശേഷമായിരുന്നു ഈ ശുശ്രൂഷ. റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റാന്റുകൾ, ഗവ. ഹോസ്പിറ്റൽ, സിവിൽസ്റ്റേഷൻ, എന്നിവിടങ്ങളിലും ടൗണിന്റെ വിവിധ ഭാഗങ്ങളിലും ഇവ വിതരണം ചെയ്തു. ഇതിൽ പങ്കെടുത്ത എല്ലാവർക്കും ഇത് വലിയ ആത്മീയ അനുഭവമായിരുന്നു. തുടർന്ന് എല്ലാ മാസവും ഇത് തുടരാനും തീരുമാനമെടുത്തു.

### പ്രാർത്ഥനാഗ്രുപ്പുകൾ ഇടവകയുടെ പവ്വർഹൗസ്

ഇടവകകളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ പുതുതായി രൂപീകരിക്കാനും ഉള്ളവയെ ശക്തിപ്പെടുത്താനും സോണിലെ കരിസ്മാറ്റിക് നേതൃത്വം ആഗ്രഹിക്കുന്നു. ഇതിനായി നമുക്കൊരുമിച്ച് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

### മദ്ധ്യസ്ഥ പ്രാർത്ഥനാകൂട്ടായ്മകൾ

എല്ലാ ചൊവ്വാഴ്ചയും 2.00 pm-5.00pm മണ്ണാർക്കാട് പ്രസാദമാതാ പള്ളിയിൽ

എല്ലാ ബുധനാഴ്ചയും 10.00am - 3.00 pm കാഞ്ഞിരപ്പുഴ ഫൊറോന പള്ളിയിൽ





എല്ലാ വ്യാഴാഴ്ചയും 10.00am-1.00pm വള്ളിയോട് സെന്റ് ജോസഫ് കോൺവെന്റ് ചാപ്പലിൽ

എല്ലാ വെള്ളിയാഴ്ചയയും10.00 am 3.00pm പാലക്കാട് പാസ്റ്ററൽ സെന്ററിൽ കരിസ്മാറ്റിക് ഓഫീസിൽ.

### ജാഗരണ പ്രാർത്ഥന

ആഗസ്റ്റ് 30–ാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം 7.30 മുതൽ ശനി രാവിലെ 5.00 വരെ പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ വെച്ച് നടക്കുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ




### ധ്യാനങ്ങൾ

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ആഗസ്റ്റ് | 04–09 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ആഗസ്റ്റ് | 11–16 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 25–30 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

### സെഹിയോൻ കൺവെൻഷൻസ്

ആഗസ്റ്റ് 18 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**ഭവന വായ്പ ഇടപാടുകൾ തീർക്കൽ**

മുൻ കാലങ്ങളിൽ പി.എസ്.എസ്.പി മുഖാന്തിരം ഇടവകകളിൽ വീടുകൾ നിർമ്മിച്ചു നൽകിയപ്പോൾ പി.എസ്.എസ്. പിയിൽ ഏല്പിച്ചവസ്തുവിന്റെ അധരങ്ങളും മറ്റും രേഖകളും വികാരിയച്ചന്മാരുടെ അനുവാദത്തോടെ ഉടൻ തന്നെ മടക്കി വാങ്ങേണ്ടതാണ്.(ബ. അച്ചന്മാരുടെ കത്തുകൾ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.)

**നബാർഡ് WSHG**

നബാർഡിന്റെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് പദ്ധതിയായി ജില്ലയിൽ പിഎസ്എസ്പി കഴിഞ്ഞ നാലുമാസത്തിനുള്ളിൽ 300 സ്ത്രീകളുടെ





അയൽകൂട്ടങ്ങൾ തുടങ്ങി. ബാങ്കുമായി ബന്ധപ്പെടുത്തി ഇവർക്കുള്ള വായ്പ പദ്ധതികൾ അടുത്തമാസം ആരംഭിക്കും. 250 ഗ്രൂപ്പുകൾ കൂടി ആരംഭിക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 സ്ത്രീകൾക്ക് വീതം ഗ്രൂപ്പ് ആരംഭിക്കാവുന്നതാണ്. താല്പര്യമുള്ളവർ പി എസ് എസ് പി ഓഫീസുമായി ബന്ധപ്പെടുക.

**മൈനോരിറ്റി ഗ്രൂപ്പ്**

ജില്ലയിലെ ക്രസ്ത്യൻ, മുസ്ലീം, ഒ.ബി.സി. സമുദായങ്ങളിലെ സ്ത്രീകൾക്ക് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പി എസ് എസ് പി സ്ത്രീകളുടെ ഗ്രൂപ്പുകൾ (അയൽകൂട്ടം) ഇടവകാംഗ ഗ്രൂപ്പിൽ 80% ക്രിസ്ത്യൻ മുസ്ലീം അല്ലെങ്കിൽ ഒബിസി അംഗങ്ങൾ ഉണ്ടായിരിക്കണം. തുടങ്ങുവാൻ താല്പര്യമുള്ളവർ പി എസ് എസ് പി ഓഫീസുമായി ബന്ധപ്പെടുക. ആദ്യം ആരംഭിച്ച 75 ഗ്രൂപ്പുകൾക്ക് 5% പലിശനിരക്കിൽ 1 കോടി 7 ലക്ഷം രൂപ അനുവദിച്ചു.

**ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ്**

2013 ആഗസ്റ്റ് മാസം 7–ാം തീയതി ബുധനാഴ്ച കാലത്ത് 10.30 ന് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് പി എസ് എസ് പിയിൽ വച്ചു നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.8.13 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11 am |
| 9.8.13 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 pm |
| 12.8.13 | തിങ്കൾ | പാലക്കാട്/മലമ്പുഴ | കല്ലൂർ | 11 am |
| 14.8.13 | ബുധൻ | മണ്ണാർക്കാട് | | 11 am |
| 19.8.13 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11 am |
| 21.8.13 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 11 am |

| | | | |
|---|---|---|---|
| 28.8.13 | ബുധൻ | ആലത്തൂർ | നീതിപുരം |
| | | | പാരിഷ്ഹാൾ 11 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 16.1.2013 | വെള്ളി | കരിമ്പപാരിഷ്ഹാൾ | 10.30 to1.00pm |
| 19.8.2013 | തിങ്കൾ | ഗൂളിക്കടവ്(അട്ടപ്പാടി) | 11am to1.30 pm |
| 20.8.2013 | ചൊവ്വ | സാൻജോടവ്വർ | 11am to 2.00pm |
| 21.8.2013 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11am to 2.00pm |
| 28.8.2013 | ബുധൻ | നീതിപുരം | 11am to 2.00 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**LIC Micro Insurance**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# കെ.എൽ.എം. പാലക്കാട്

* കെ.എൽ.എം രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ആഗസ്റ്റ് 15, 2 pm പാസ്റ്ററൽ സെന്ററിൽ വച്ച്
* കെ.എൽ.എം റീജിയണൽ മീറ്റിംഗ് ആഗസ്റ്റ് 7 ഇരിഞ്ഞാലക്കുട
* കെ.എൽ.എം ലീഡേഴ്സിനുള്ള പരിശീലനം ആഗസ്റ്റ് 9,10,11 തൃശൂർവച്ച്

ആഗസ്റ്റ് മാസത്തിലെ യൂണിറ്റ് മീറ്റിംഗുകൾ രജിസ്ട്രേഷൻ

| Sl.No. | Date | സ്ഥലം | സമയം |
|---|---|---|---|
| 1 | 4.8.2013 | ഇരുമ്പകച്ചോല | 8 pm |
| 2 | 11.8.2013 | മുണ്ടൂർ | 8am |
| | | ഒലിപ്പാറ | 2pm |
| 3 | 18.8.2013 | ചുള്ളിയാംകുളം | 8am |
| 4. | 25.8.2013 | പുല്ലിശ്ശേരി | 8am |
| | | കൈതച്ചിറ | 11am |

**ചക്ക 365 ദിവസവും**

ചക്കകൊണ്ടുള്ള വിഭവങ്ങൾ- ചക്ക ഉണങ്ങിയത്, ചക്കപ്പുഴുക്ക്, ചക്ക ഉണ്ണിയപ്പം, കുമ്പിളപ്പം,ചക്കപ്പായസം, ചക്കക്കുരുകേക്ക് ഇവ ഓർഡർ അനുസരിച്ച് ഉണ്ടാക്കി, എത്തിച്ച് കൊടുക്കുന്നതാണ്. പി.എസ്.എസ്.പി. നടപ്പിലാക്കുന്ന ഈ നവീന പരിപാടിക്ക് എല്ലാവരുടേയും പിന്തുണ പ്രതീക്ഷിക്കുന്നു.

കൊയ്നോണിയ സൂപ്പർ മാർക്കറ്റിൽ നേരിട്ടോ, 9446420395, 9447180679 എന്നീ ഫോണിലോ ബന്ധപ്പെടുക.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

# From the Bishop's Diary

**2013 ജൂലൈ**

10 – റോമിൽ നിന്നും തിരിച്ചെത്തി

11 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

12 – മുണ്ടൂർ യുവക്ഷേത്ര കോളേജിൽ പുതിയ Academic Year ഉൽഘാടനം ചെയ്ത് സന്ദേശം നൽകി.

13 – പാസ്റ്ററൽ സെന്ററിൽ കെ.സി.എസ്.എൽ., സി.എം.എൽ., സി.എൽ.സി. എന്നീ സംഘടനകളുടെ വാർഷിക കർമ്മപദ്ധതി ഉൽഘാടനം ചെയ്തു.

– വടക്കഞ്ചേരിയിൽ രൂപതാ കെ.സി.വൈ.എം. സംഘടിപ്പിച്ച യുവജന ദിന പരിപാടി ഉൽഘാടനം ചെയ്ത് സന്ദേശം നൽകി.

14 – മലമ്പുഴ സെന്റ് ജൂഡ് ഇടവകയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

15 – കാഞ്ഞൂർ ഫൊറോന പള്ളിയിൽ എറണാകുളം അതിരൂപതാംഗമായ ഫാ. പോൾ. എസ് പയ്യപ്പിള്ളിയുടെ മൃതസംസ്കാര പ്രാരംഭശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

16 – നായരമ്പലത്ത് ഫാ. ആന്റണി നരികുളം അച്ചന്റെ അമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുപാടി.

17 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

18 – മലമ്പുഴ പ്രൊവിഡൻസ് കോൺവെന്റിൽ സി. മഞ്ജുള സി.എച്ച്.എഫ്-ന്റെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

19 – പാലന ട്രസ്റ്റീസ് കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.





– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരി സന്ദർശിച്ചു.

20 – മേഴ്സി കോളേജിൽ പാലക്കാട് രൂപതാ സി.ആർ.ഐ. മീറ്റിംഗ് ഉൽഘാടനം ചെയ്ത് സന്ദേശം നൽകി.

– പാസ്റ്ററൽ സെന്ററിൽ രൂപതാ കരിസ്മാറ്റിക് ടീമിന്റെ നേതൃത്വത്തിൽ നടത്തുന്ന ZUME Course പാസായവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. പുതിയ ബാച്ചുകാരെ സ്വീകരിച്ചുസന്ദേശം നൽകി.

21 – കടമ്പൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസീസി ഇടവകയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

22 – എറണാകുളം അരമനയിൽ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെ സന്ദർശിച്ചു.

23 – ചുണങ്ങുംവേലിൽ എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ സി. സീലിയ എം.എസ്.ജെ.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുപാടി.

24 – അരമനയിൽ തിരുനാൾ മംഗളങ്ങൾ ആശംസിക്കുവാൻ വന്നവരെ സ്വീകരിച്ചു.

25 – രൂപതാകാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

26 – പാലപ്പുറം സെന്റ് മേരീസ് പള്ളി സന്ദർശിച്ചു, സമീപത്തുള്ള ഹോളി ഗാർഡൻ സന്ദർശിച്ചു.

27 – ജെയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

28 – ഇരുമ്പകച്ചോല സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഔദ്യോഗിക സന്ദർശനം നടത്തി. പുതിയതായി നിർമ്മിക്കുന്ന കപ്പേളയുടെ അടിസ്ഥാന ശില വെഞ്ചരിച്ചു.

– കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ഇടവകാംഗമായ ഫാ. ടോമി പുളിയനാംപട്ട എം.എസ്.എഫ്.എസ്.-ന്റെ പിതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.